**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347** | **28-10-2021 - ൽ മറുപടിയ്ക്ക്**

**വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ), ഡോ.കെ.ടി.ജലീൽ, ശ്രീമതി ഒ എസ് അംബിക, ശ്രീ എം മുകേഷ്** | | **Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാർ വിൽക്കുന്നു എന്ന ആരോപണം നിലനിൽക്കുമ്പോൾതന്നെ അവ ഏറ്റെടുത്ത് അവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുകയും അതിലൂടെ അവയെ കൂടുതൽ ലാഭകരമാക്കുകയും ചെയ്യുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം എത്രത്തോളം യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ വിറ്റഴിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയുംകൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന വികസന നയമാണ് കേരള സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന, സംയുക്ത സംരംഭമായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷിൻ ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഈ കമ്പനിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ 43 കോടി രൂപയും മുൻകാലത്ത് കമ്പനി വരുത്തി വച്ച 34 കോടി രൂപയുടെ ബാധ്യതയും ചേർന്ന് 77 കോടിയോളം |

രൂപയുടെ ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. Corporate Insolvency Resolution Process (CIRP) പ്രകാരം നാഷണൽ കമ്പനി ലാ ട്രൈബ്യൂണൽ (NCLT), കൊച്ചി ബഞ്ചിൽ സമർപ്പിച്ച Resolution Plan പ്രകാരമാണ് 145.60 കോടി രൂപയ്ക്ക് HNLനെ കേരള സർക്കാർ ഏറ്റെടുത്തത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി (വ്യവസായം), എം.ഡി. കിൻഫ്ര, എന്നിവരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പുനഃസംഘടനെയും തുടർ പ്രവർത്തനത്തെയും കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ ഒരു ഉന്നത തല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് . പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഏറ്റടുക്കലിന്റെ ഭാഗമായി കേരള സർക്കാർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്രസർക്കാറിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോവുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ടെന്ന പൊതുവികാരം മുൻനിർത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് 05.01.2021 ൽ കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ

| | | | |
|---|---|---|---|
| | | | നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. |
| (ബി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നത് സംബന്ധിച്ച് സംസ്ഥാനം വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതു മൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ചു വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിലുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക നിരവധി കത്തുകളിലൂടെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) | ഇത്തരത്തിൽ വിറ്റഴിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളാ സർക്കാർ ഏറ്റെടുക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവും തുടർ പ്രവർത്തനങ്ങളും സംബന്ധിച്ച് സാങ്കേതിക വിദഗ്ധർ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിലാണ് മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ